കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി

*10 [474] *ശ്രീ. പി. സി. ജോർജ്:*

" *കെ. കെ. ജയചന്ദ്രൻ:*

" *രാജു എബ്രഹാം:*

" *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഏതെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതകൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഒരുപകർപ്പ് ലഭ്യമാക്കുമോ;

(ഡി) സ്വകാര്യ മേഖലയിൽനിന്നും പ്രസ്തുത പദ്ധതിയിൽ താൽപ്പര്യം കാണിച്ച് ആരെങ്കിലും സർക്കാരിനെ സമീപിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിക്കാനായിട്ടാണ് എന്ന് വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ ആര്യാടൻ മുഹമ്മദ്):*

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റിൽനിന്നും 80 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈത് പ്രയോജനപ്പെടുത്തുന്നതിന് സ്വകാര്യമേഖലയ്ക്ക് അവസരം നൽകുന്നതിനായി 6-11-2004-ൽ ജി.ഒ.(എംഎസ്.) നമ്പർ 23/2004/പി.ഡി. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി സർക്കാർ അനെർട്ടിന് 149.10.53 ഹെക്ടർ റവന്യൂ ഭൂമി ലീസിന് നൽകിയിട്ടുണ്ട്. അവിടെ സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായി കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(ബി) സ്വകാര്യ നിക്ഷേപത്തിലൂടെയും അല്ലാതെയും കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു സമഗ്രപദ്ധതിക്കാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(ഡി) താഴെ പറയുന്ന അഞ്ച് കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ട്:

	കമ്പനിയുടെ പേര്	*സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ*
1.	സുസ്‌ലോൺ എനർജി ലിമിറ്റഡ്	ഇടുക്കി ജില്ല (പീരുമേട്, കട്ടപ്പന) പാലക്കാട് ജില്ല (നല്ലസിംഗം)
2.	എൻ.ഇ.ജി. മൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്	ഇടുക്കി ജില്ല (രാമക്കൽമേട്)
3.	ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം	ഇടുക്കി ജില്ല (കരുണാപുരം വില്ലേജ്)
4.	കേരള ഫെഡറേഷൻ ഓഫ് ഇൻഡസ്ട്രിയൽ ക്ലസ്റ്റേഴ്സ്	സ്ഥലം പറഞ്ഞിട്ടില്ല.
5.	ലിബ്രാ സ്റ്റീൽസ് പ്രൈവറ്റ് ലിമിറ്റഡ്.	പാലക്കാട് ജില്ല (കഞ്ചിക്കോട്)

പൊതുവിതരണരംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

*1] [475] *ശ്രീ. കെ. പി. മോഹനൻ:*

„ *സി. കെ. നാണു:*

„ *എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണരംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾ മാത്രം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾക്ക് അമിതവില വാങ്ങി ഗുണഭോക്താക്കളെ ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly